# FOCUS POINTS (MACRO ECONOMICS)

## CHAPTER – 1 (INTRODUCTION)

**Emergence of Macro Economics:-**

Macro economics is that branch of economics which deals the economy as a whole. The historical background of the emergence of Macro Economics can be summarised in three aspects. They are;

a) Classical economic thought
b) Great Depression
c) Keynesian Revolution

a) **classical economic thought:-**

The main exponents of classical economic thought were Pro. Adam Smith, Prof. David Ricardo, Prof. J B say etc…… They believed in;

1) Laissez fare capitalism ie, a capitalist economy without government intervention. A free market capitalist economy. Economy is automatically adjusting one.
2) Full employment equilibrium in the economy.
3) No government intervention in the economic activity.
4) Say's Law of Market - " Supply creates it's own demand"
5) No general over production , unemployment etc.. in the economy.

b) **Great Depression:-**

The world economy faced a great depression in 1929. It was started in USA . Gradually it was spread to Europe. The main features of depression were;

* Unemployment raised 25%
* GDP fell down 33%
* Many firms closed down with huge loss.
* Countries faced general unemployment, over production etc…

c) **Keynesian Revolution:-**

The classical economic thought was challenged after the great depression. Prof. J M Keynes criticised the classical economic thought. He did not believe in full employment equilibrium. He argued against the Say's Law of market. He supported the government intervention in a capitalist economy. He also suggested to study the economy as a whole. He published his great work " A General Theory of Employment Interest and Money" in 1936. In this book he criticised the ideas of classical economists. This new thought in Economics is known as Keynesian Revolution.

**Factors of production & factor rewards**

| Factors | Rewards |
|---|---|
| Land | Rent |
| Labour | Wage |
| Capital | Interest |
| Organization | Profit |

www.rrvgirls.com

**Four sectors of the economy**

1. Households:- Individuals and families. Consumers are the part of this sector.
2. Firms:- entrepreneurs or producers. They produce goods and services.
3. Government sector:- conducts economic activities to satisfy collective wants of the society.
4. External sector:- Foreign trade sector. Mainly concerned with imports and exports. Exports mean the out flow of goods and services from an economy to the abroad. But imports mean the inflow of goods and services to the economy from the abroad.

# സ്ഥൂല സാമ്പത്തിക ശാസ്ത്രം : അദ്ധ്യായം 1

## സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ആവിർഭാവം

സമ്പത് വ്യവസ്ഥയെ മൊത്തമായി പഠന വിധേയമാക്കുന്ന സാമ്പത്തിക ശാസ്ത്ര ശാഖയാണ് സ്ഥൂല സാമ്പത്തിക ശാസ്ത്രം. സാമ്പത്തിക ശാസ്ത്രത്തിന്റെ ഒരു പുതിയ ശാഖ എന്ന നിലയ്ക്ക് സ്ഥൂല സാമ്പത്തിക ശാസ്ത്രം വളർന്നതിന് ഒരു ചരിത്ര പശ്ചാത്തലം ഉണ്ട്. അത് വിശദമാക്കുന്നതിനായി മൂന്ന സാഹചര്യങ്ങളെ കുറിച്ച് നാം മനസ്സിലാക്കേണ്ടതാണ് .

1 . ക്ലാസിക്കൽ സാമ്പത്തിക ചിന്ത

2 . മഹത്തായ സാമ്പത്തിക മാന്ദ്യം

3 . കെയിൻസിന്റെ വിപ്ലവം

**1 . ക്ലാസിക്കൽ സാമ്പത്തിക ചിന്ത :-**

സാമ്പത്തിക ശാസ്ത്ര പഠന മേഖലയിലെ ഒരു പ്രധാനപ്പെട്ട സാമ്പത്തിക ചിന്തയാണ് ക്ലാസിക്കൽ ചിന്ത . പ്രൊഫ . ആദം സ്മിത്ത് , ഡേവിഡ് റിക്കാർഡോ ,ജെ ബി സെ മുതലായ സാമ്പത്തിക ശാസ്ത്രകാരന്മാരെല്ലാം ഈ ചിന്തയുടെ വക്താക്കളായിരുന്നു. ക്ലാസിക്കൽ സാമ്പത്തിക ചിന്തയുടെ പ്രധാനപ്പെട്ട ആശയങ്ങൾ ഇനി പറയുന്നവയാണ് .

* സർവ്വ സ്വാതന്ത്ര മുതലാളിത്തം
* സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടേണ്ടതില്ല
* സമ്പത് വ്യവസ്ഥ പൂർണ തൊഴിൽ സന്തുലിതാവസ്ഥയിലായിരിക്കും
*" പ്രദാനം അതിനുള്ള ചോദനത്തെ സൃഷ്ടിക്കും "എന്ന ജെ ബി സെ യുടെ കമ്പോള നിയമത്തിനനുസരിച്ചായിരിക്കും സമ്പത് വ്യവസ്ഥ പ്രവർത്തിക്കുന്നത് .
* പൊതു തൊഴിലില്ലായ്മ , അമിതോൽപ്പാദനം മുതലായവ സമ്പത് വ്യവസ്ഥയിൽ സംഭവിക്കില്ല .

www.rrvgirls.com

**2 . മഹത്തായ സാമ്പത്തിക മാന്ദ്യം :-**

1929 മുതൽ 1933 വരെ ലോക സമ്പത് വ്യവസ്ഥകളെല്ലാം വൻ സാമ്പത്തിക തകർച്ചയെ നേരിടേണ്ടി വന്നു. അമേരിക്കയിൽ ആരംഭിച്ച ഈ സാമ്പത്തിക തകർച്ച പിന്നീട് യൂറോപ്പിലേക്കും മറ്റു ലോക സമ്പത് വ്യവസ്ഥകളിലേക്കും പടർന്നു. ഈ തകർച്ചയുടെ കാലഘട്ടത്തെ മഹത്തായ സാമ്പത്തിക മാന്ദ്യം എന്നാണ അറിയപ്പെടുന്നത്. പ്രധാനമായും താഴെ പറയുന്ന സവിശേഷതകളാണ് മഹത്തായ സാമ്പത്തിക മാന്ദ്യത്തിനുണ്ടായിരുന്നത് .

* 25 % ത്തോളം തൊഴിലില്ലായ്മ വർധിച്ചു.
*ജി ഡി പി യിൽ 33 % കുറവ് സംഭവിച്ചു.
* നിരവധി ഉൽപ്പാദന സംരംഭങ്ങൾ കനത്ത നഷ്ടം കാരണം അടച്ചു പൂട്ടേണ്ടി വന്നു.
* സമ്പത് വ്യവസ്ഥകളിൽ പൊതു തൊഴിലില്ലായ്മയും , അമിതോൽപ്പാദനവും സർവ്വ സാധാരണമായി.

**3 കെയിൻസിന്റെ വിപ്ലവം :-**

മഹത്തായ സാമ്പത്തിക മാന്ദ്യത്തോടെ ക്ലാസിക്കൽ സാമ്പത്തിക ചിന്ത ചോദ്യം ചെയ്യപ്പെട്ടു. ക്ലാസിക്കൽ സാമ്പത്തിക ചിന്തയുടെ വിമർശകരിൽ പ്രധാനി പ്രൊഫ്. ജെ എം കെയിൻസായിരുന്നു. അദ്ദേഹം 1936 ഇൽ പ്രസിദ്ധീകരിച്ച " പണം , പലിശ , തൊഴിൽ എന്നിവയെ കുറിച്ചുള്ള പൊതു സിദ്ധാന്തം" എന്ന പുസ്തകത്തിൽ ക്ലാസിക്കൽ ചിന്തയെ നിശിതമായി വിമർശിച്ചു. മുതലാളിത്ത സമ്പത് വ്യവസ്ഥയിൽ സർക്കാർ ഇടപെടലുകൾ ആവശ്യമാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. മാത്രവുമല്ല , സമ്പത് വ്യവസ്ഥ എല്ലായ്പ്പോഴും പൂർണ തൊഴിൽ സന്തുലിതാവസ്ഥയിൽ ആകണമെന്നില്ല . സെ യുടെ കമ്പോള നിയമത്തെയും അദ്ദേഹം ചോദ്യം ചെയ്തു. പൊതു തൊഴിലില്ലായ്മയും അമിതോൽപ്പാദനവും സമ്പത്

വ്യവസ്ഥയിൽ ഉണ്ടാകുമെന്ന അദ്ദേഹം വാദിച്ചു. സമ്പത് വ്യവസ്ഥയെ മൊത്തമായി പഠന വിധേയമാക്കുന്ന പഠന രീതിയെ അദ്ദേഹം മുന്നോട്ടു വെച്ച്. ഈ പുതിയ ശാസ്ത്രീയ പഠന മേഖലയാണ് കെയിൻസിന്റെ വിപ്ലവം എന്നറിയപ്പെടുന്നത് . സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ യഥാർത്ഥ പഠനം ആവിർഭവിക്കുന്നത് കെയിൻസിന്റെ വിപ്ലവത്തോടെയാണ് .

**<u>ഉൽപ്പാദന ഘടകങ്ങളും പ്രതിഫലങ്ങളും</u>**

| ഉൽപ്പാദന ഘടകങ്ങൾ | പ്രതിഫലങ്ങൾ |
|---|---|
| ഭൂമി | വാടക , പാട്ടം |
| തൊഴിൽ | കൂലി |
| മൂലധനം | പലിശ |
| സംഘാടനം | ലാഭം |

**<u>സമ്പത് വ്യവസ്ഥയിലെ നാല് മേഖലകൾ</u>**

1 . ഗാർഹിക മേഖല :- വ്യക്തികളും കുടുംബങ്ങളും ഉൾപ്പെടുന്ന മേഖലയാണിത് . ഉപഭോക്താക്കളെല്ലാം ഈ മേഖലയുടെ ഭാഗമാണ് .

2 . സംരംഭ മേഖല :- ഉൽപ്പാദന സംരംഭങ്ങൾ ഉൾപ്പെടുന്നതാണിത് .

3 . സർക്കാർ മേഖല :- സമൂഹത്തിന്റെ മൊത്തമായി ആവശ്യങ്ങളെ നിറവേറ്റുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് സർക്കാർ ആയിരിക്കും

4 . ബാഹ്യ മേഖല :- അന്തർ ദേശീയ വാണിജ്യ മേഖലയാണിത് . കയറ്റുമതിയും ഇറക്കുമതിയും ഈ മേഖല കേന്ദ്രീകരിച്ചായിരിക്കും നടക്കുക .ഒരു സമ്പത് വ്യവസ്ഥയിൽ നിന്നു സാധന സേവനങ്ങൾ വിദേശത്തേക്ക് പോകുന്നതാണ് കയറ്റുമതി . എന്നാൽ സാധന സേവനങ്ങൾ വിദേശത്തു നിന്ന് ഒരു സമ്പത് വ്യവസ്ഥയിലേക്കു വരുന്ന പ്രവർത്തനമാണ് ഇറക്കുമതി .

## CHAPTER -2 (NATIONAL INCOME ACCOUNTING)

### <u>CONCEPTS OF MACRO ECONOMICS:</u>-

**<u>National income:-</u>** National income is the total money value of all final goods and services produced in a country per a financial year.

**<u>Classification of goods:-</u>**




**<u>A) Final goods:-</u>** Final goods are the goods for final use such as consumption or production. Such

goods have no transformation. Final goods can be classified as;

**1. Consumer goods**

**2. Capital goods.**

**1. Consumer goods: -** The goods for final consumption are known as consumer goods. For example, ready maids, pen, book, footwear, electrical appliances etc....The consumer goods may be durable goods or non durable goods.

a) Durable goods:- Such goods can be used continuosly for a particular use. Example; vehicles, electronic appliances, electrical appliances etc....

b) Non durable goods:- such goods can not be used continuosly. Example; vegetables, fish, milk etc...

**2. Capital goods:-** Capital goods are durable goods used in the production such as tools, machines, buildings etc... Such goods have no transformation through production. They have depreciation.

**B) Intermediate goods:-**

The goods like raw materials, inputs etc... used in the production. Such goods have transformation through production.

| **Final goods** | **Intermediate goods** |
|---|---|
| Tyre | Rubber |
| Chair | Plastic |

**Depreciation:-**

The loss of value of capital goods due to normal wear and tear is called as depreciation. This is also known as 'Consumption of Fixed capital'.

**Stocks and Flows:-**

| Stocks | Flows |
|---|---|
| Economic variable which is measured at a point of time | Economic variable which is measured during a period of time |
| Time dimension is not considered. | Time dimension is considered |
| Examples: water in a tank, wealth, capital, amount of money, distance etc... | Examples: water in a river, income, investment, spending of money, speed etc... |

**Gross investment & Net investment:-**

The new addition to the stock of capital assets such as machines, buildings, roads,bridges etc.. is called as investment. The part of final output that comprises of capital goods constitutes gross investment. Gross investments include machines, buildings, tools, roads etc..But such capital goods have depreciation. So the new addition to capital stock in the economy is measured by net investment.

**Net investment = Gross investment – Depreciation**

**PRODUCTION TAXES, PRODUCT TAXES & NET INDIRECT TAXES**

**1. PRODUCTION TAXES:-**

The taxes which are paid in relation to the production are called as production taxes. Such taxes are independent of volume of production. Example; land revenue tax, registration fees, stamp duties etc….The difference between production tax and production subsidy is called as net production tax.

Net production tax = Production tax – Production subsidy

**2. PRODUCT TAXES:-**

The taxes which are imposed per unit of product are known as product taxes. Examples; service tax, excise duty, export duty, import duty etc...The difference between product tax and product subsidy is called as net product tax.

Net product tax = Product tax– Product subsidy

www.rrvgirls.com

## 3. NET INDIRECT TAXES:-

The difference between indirect tax and subsidy is called net indirect tax.

**Net indirect tax = Indirect tax – Subsidy**

## CIRCULAR FLOW OF INCOME AND EXPENDITURE IN A SIMPLE ECONOMY:-




The above figure explains the circular flow of income and expenditure in a simple economy. A simple economy is two sector economy. It consists of household sector and firms. The household sector includes individuals and families. Households are the owners of factors of production. They supply the factors of production to firms. In return, the firms pay factor rewards to the household sector. By using factors of production, the firms produce goods and services. The household sector makes consumption expenditure to purchase the goods and services. Thus in a circular flow, **there are two flows from household to firms**. They are;

**a) flow of factors of production**

**b) flow of consumption expenditure**

similarly, **there are two flows from firms to household**. They are;

**a) flow of factor rewards**

**b) flow of goods and services.**

Really, circular flow is a pictorial explanation of working of an economy. It reveals that **production = income = expenditure** for an economy in an accounting year. The flows in the circular flow can be classified as;

**a) Money flows**

**b) Real flows**

**a) Money flows:-** The flows in terms of money.

1. flow of factor rewards
2. flow of consumption expenditure

**b) Real flows:-** The flows of goods and services.

1. flow of factors of production
2. **flow of consumption expenditure**

## METHODS OF MEASUREMENT OF GDP OR NATIONAL INCOME

There are three methods of measurement of GDP of an economy. They are

**1. Product method (Value added method )**

**2. Income method**

**3. Expenditure method**

www.rrvgirls.com

## 1. Product method:-

**Step 1:- Find value of output and value added of firms**

**Value of output means the value of goods and services produced by the firms.**

**Value of output = quantity of output X market price**

**= sales + change in inventories**

Inventories represent the stock of finished goods, semi finished goods and raw materials of a firm in an accounting year. The value of inventories may be changed. The changes in inventories are of two types.

**a) Accumulation of inventories.**

**b) Decumulation of inventories.**

**a) Accumulation of inventories:-** The inventories are accumulated due to the fall in sales of output. The accumulation may be planned or unplanned. The planned accumulation of inventories arises due to expected or deliberate fall in sales. But unplanned accumulation of inventories arises due to unexpected fall in sales.

**b) Decumulation of inventories:-** The inventories are decumulated due to increase in sales of output in an accounting year. The decumulation may be planned or unplanned. The planned decumulation of inventories arises due to expected rise in sales. But unplanned decumulation is due to unexpected
increase in sales of output.

**Value added is value of output minus the value of intermediate goods used by the firm.**

**Value added = value of output – value of intermediate goods used**

Value added may be gross value added ( GVA) or net value added ( NVA )

**Gross Value Added (G V A) :-**

G V A = Gross output or value of output – value of intermediate goods used

**Net Value Added ( N V A ) :-**

N V A = G V A – Depreciation

**Step 2:- Find Gross Domestic Product (G D P ):-**

The sum of G V A of all firms in the economy is the value of G D P.

$$GVA_1 + GVA_2 + GVA_3 + GVA_4 + \ldots\ldots + GVA_n \equiv \sum_{i=1}^{n} GVA_i \equiv GDP$$

## 2. Income method :-

**Step1:- Find factor payments of firms**

Factor payments of a firm is the payments in the form of factor rewards such as rent ( R ), wage (W), interest (In) and profit (P) made by that firm to the owners of factors of production . So the factor payment of the firm 'i' can be expressed as;

**$R_i + W_i + In_i + P_i$ = factor payments of firm 'i'.**

**Step 2:- Find G D P**

The sum of factor payments of all firms in the economy is the value of G D P.

$$\sum_{i=1}^{n} R_i + \sum_{i=1}^{n} W_i + \sum_{i=1}^{n} In_i + \sum_{i=1}^{n} P_i \equiv \mathbf{R + W + In + P \equiv GDP}$$

Here, $\sum_{i=1}^{n}$ = sum total of values (rent, wage, interest and profit) of 'n' firms in the economy

## 3. Expenditure method:-

**Step 1:- Find the final expenditure components on goods and services produced by the firms.**

It represents the total demand for or expenditure on the goods and services produced by the firms. It is the revenue of firms. The final expenditure components on goods and services produced by the firm 'i' can be classified as;

**a) Household consumption expenditure ($C_i$)**

**b)Investment expenditure of firms (Ii)**
**c) Government final expenditure (Gi)**
**d) Export expenditure (Xi)**

so, the revenue of firm 'i', RVi ≡ Ci + Ii + Gi+ Xi

**Step 2: - Find G D P**

**To find G D P, add the final expenditure components or revenue of all firms in the economy.**

$$\sum_{i=1}^{n} Rvi \equiv \sum_{i=1}^{n} Ci + \sum_{i=1}^{n} Ii + \sum_{i=1}^{n} Gi + \sum_{i=1}^{n} Xi \equiv GDP$$

The above value is equal to the difference between total expenditure ( consumption expenditure ,C+ investment expenditure, I + Government expenditure, G + export expenditure, X ) and expenditure on importing goods and services (Cm + Im + Gm )

$$\sum_{i=1}^{n} Rvi \equiv C - Cm + I - Im + G - Gm + X \equiv GDP$$

$$C + I + G + X - Cm - Im - Gm \equiv GDP$$

$$C + I + G + X - (Cm+Im+Gm) \equiv GDP$$

$$\mathbf{C + I + G + X - M \equiv GDP}$$

where, M = total imports ,X=exports,C=consumption expenditure,I=investment expenditure, G=government expenditure

**Identities of methods of G D P:-**

| Product method | Income method | Expenditure method |
|---|---|---|
| GVA1<br>+<br>GVA2<br>+<br>GVA3<br>+<br>……<br>…….<br>+<br>G V An<br>≡<br>$\sum_{i=1}^{n}$ G V An | R<br>+<br>W<br>+<br>In<br>+<br>P | C<br>+<br>I<br>+<br>G<br>+<br>X – M |
| ≡ G D P | ≡ G D P | ≡ G D P |

## CHAPTER- 2

## ദേശീയ വരുമാനം കണക്കാക്കൽ

**സ്ഥൂല സാമ്പത്തിക ശാസ്ത്ര ആശയങ്ങൾ:-**

ദേശീയ വരുമാനം:- ഒരു സാമ്പത്തിക വർഷത്തിൽ ഒരു രാജ്യത്തു ഉൽപ്പാദിപ്പിക്കപ്പെട്ട അന്തിമ സാധന സേവനങ്ങളുടെ പണ മൂല്യമാണ് ദേശീയ വരുമാനം.

**ചരക്കുകളുടെ തരം തിരിവ്:-**

www.rrvgirls.com




**A)അന്തിമ വസ്തുക്കൾ :-**

അന്തിമ ആവശ്യത്തിന് ഉപയോഗിക്കുന്ന സാധനങ്ങളാണ് അന്തിമ വസ്തുക്കൾ. അവ അന്തിമമായി ഉപഭോഗത്തിനോ ഉൽപ്പാദനത്തിനോ ഉപയോഗിക്കുന്നു. അങ്ങിനെ ഉപയോഗിക്കുമ്പോൾ അവയ്ക്കു യാതൊരു രൂപമാറ്റവും സംഭവിക്കുകയില്ല. അത്തരം ചരക്കുകളെ **ഉപഭോഗ വസ്തുക്കളെന്നും മൂലധന വസ്തുക്കളെന്നും** തരം തിരിക്കാം.

**1 . ഉപഭോഗ വസ്തുക്കൾ:-** ഉപഭോഗത്തിനായി ഉപയോഗിക്കുന്ന അന്തിമ സാധനങ്ങളാണ് ഉപഭോഗ വസ്തുക്കൾ. പേന ,പുസ്തകം, കാർ, വസ്ത്രങ്ങൾ മുതലായവയെല്ലാം ഉപഭോഗ വസ്തുക്കളാണ്. ഉപഭോഗ വസ്തുക്കൾ പൊതുവെ ഈട് നിൽക്കുന്നവയോ ഈട് നിൽക്കാത്തവയോ ആകാം.

**a)ഈട് നിൽക്കുന്ന ഉപഭോഗ വസ്തുക്കൾ :-**ഇത്തരം വസ്തുക്കളെ നമുക്ക് ഉപഭോഗത്തിനായി ഒരുപാട് കാലം നിരന്തരമായി ഉപയോഗിക്കാം.ഉദാഹരണമായി നാം വീട്ടിൽഉപയോഗിക്കുന്ന പല വൈദ്യുതോപകരണങ്ങളും, ഇലക്ട്രോണിക് ഉപകരണങ്ങളും ഈട് നിൽക്കുന്നവയാണ്.

**b)ഈട് നിൽക്കാത്ത ഉപഭോഗ വസ്തുക്കൾ :-** ഇത്തരം സാധനങ്ങളെ ഒരുപാട് കാലം നിരന്തരമായി ഉപയോഗിക്കുവാൻ കഴിയില്ല. ഉദാഹരണമായി മൽസ്യം,പച്ചക്കറികൾ , പാൽ മുതലായവ.

**2.മൂലധന വസ്തുക്കൾ:-**

ഉൽപ്പാദനത്തിൽ ഉപയോഗിക്കുന്ന ഈട് നിൽക്കുന്ന അന്തിമ വസ്തുക്കളാണ് മൂലധന വസ്തുക്കൾ. യന്ത്രങ്ങൾ, യന്ത്രോപകരണങ്ങൾ, കെട്ടിടങ്ങൾ മുതലായവയെല്ലാം മൂലധന വസ്തുക്കളാണ്. ഉൽപ്പാദനത്തിൽ ഉപയോഗിക്കുമ്പോൾ അവയ്ക്കു യാതൊരു വിധ രൂപമാറ്റവും ഉണ്ടാവുകയില്ല. മൂലധന വസ്തുക്കൾക്ക് പൊതുവെ തേയ്മാനമാണ് സംഭവിക്കാറുള്ളത്.

**B)അന്തരാള വസ്തുക്കൾ :-**

ഉൽപ്പാദനത്തിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളും നിവേശനങ്ങളും ഉൾപ്പെട്ടതാണ് അന്തരാള വസ്തുക്കൾ. ഉൽപ്പാദനത്തിൽ ഉപയോഗിക്കുമ്പോൾ അവയ്ക്കു രൂപമാറ്റം സംഭവിക്കാം.

| **അന്തിമ വസ്തുക്കൾ** | **അന്തരാള വസ്തുക്കൾ** |
|---|---|
| ടയർ | റബ്ബർ |
| കസേര | പ്ലാസ്റ്റിക് |

**തേയ്മാനം:-** അറ്റ കുറ്റ പണികളാൽ ഒരു മൂലധനാസ്തിയുടെ മൂല്യത്തിലുണ്ടാകുന്ന നഷ്ടത്തെയാണ് തേയ്മാനം എന്നറിയപ്പെടുന്നത്. **'നിശ്ചിത മൂലധന ഉപഭോഗം'** എന്ന് കൂടി തേയ്മാനത്തെ അറിയപ്പെടുന്നു.

**സ്റ്റോക്കുകളും ( ശേഖരങ്ങളും ) ഫ്ളോകളും (ഒഴുക്കുകളും ):-**

| സ്റ്റോക്കുകളും ( ശേഖരങ്ങളും ) | ഫ്ളോകളും (ഒഴുക്കുകളും ) |
|---|---|
| ഒരു നിശ്ചിത സമയ മാത്രയ്ക്കു അളക്കാവുന്ന സാമ്പത്തിക ചരമാണ് സ്റ്റോക്ക് | നിശ്ചിത കാലയളവിനുള്ളിൽ മാത്രം അളക്കാവുന്ന സാമ്പത്തിക ചരമാണ് ഫ്ലോ |
| സമയ ദിശ പറയേണ്ടതില്ല | സമയ ദിശ സൂചിപ്പിക്കണം |
| ടാങ്കിലെ വെള്ളം, മൂലധനം, സമ്പത്തു , പണത്തിന്റെ അളവ്, അകലം മുതലായവ ഉദാഹരണങ്ങളാണ് | നദിയിലെ വെള്ളം, നിക്ഷേപം, വരുമാനം, പണ ചെലവ്, വേഗത മുതലായവ ഉദാഹരണങ്ങളാണ്. |

**മൊത്തം നിക്ഷേപവും അറ്റ നിക്ഷേപവും:-**

പുതിയ മൂലധന വസ്തുക്കൾക്കായി നടത്തുന്ന പണച്ചെലവാണ് നിക്ഷേപം. അതായത് പുതിയ യന്ത്രങ്ങൾ കെട്ടിടങ്ങൾ പാലങ്ങൾ റോഡുകൾ മുതലായവക്കായി നടത്തുന്ന ചെലവാണിത്. നിക്ഷേപത്തെ മൊത്തം നിക്ഷേപമെന്നും അറ്റ നിക്ഷേപമെന്നും വിവക്ഷിക്കാം. അന്തിമോല്പന്നത്തിന്റെ ഭാഗമായുള്ള മൂലധന വസ്തുക്കളുടെ മൊത്തം അളവിനെയാണ് മൊത്തം നിക്ഷേപമെന്ന പറയുന്നത്. യന്ത്രങ്ങൾ ,യന്ത്രോപകരണങ്ങൾ, കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ മുതലായവയെല്ലാം മൊത്തം നിക്ഷേപത്തിന്റെ ഭാഗമാണ്. ഇത്തരത്തിലുള്ള മൂലധന വസ്തുക്കൾക്കെല്ലാം തേയ്മാനം സംഭവിക്കാറുണ്ട്. മൊത്തം നിക്ഷേപത്തിൽ നിന്ന് തേയ്മാനച്ചെലവ് കുറച്ച ബാക്കി വരുന്നതാണ് അറ്റ നിക്ഷേപം. രാജ്യത്തെ മൂലധന വസ്തുക്കളുടെ പുതുതായി കൂട്ടിച്ചേർത്ത ശരിയായ അളവിനെ അറ്റ നിക്ഷേപത്തിലൂടെ കണക്കാക്കാം.

**അറ്റ നിക്ഷേപം = മൊത്തം നിക്ഷേപം - തേയ്മാനം**

**ഉൽപാദന നികുതികൾ,ഉൽപന്ന നികുതികൾ, അറ്റ പരോക്ഷ നികുതികൾ:**

**1 . ഉൽപാദന നികുതികൾ:-**

ഉൽപ്പാദന പ്രവർത്തനവുമായി ബന്ധപ്പെട്ട ചുമത്തുന്ന നികുതികളാണ് ഉൽപ്പാദന നികുതികൾ .അവ ഉൽപ്പാദനത്തിന്റെ വ്യാപ്തിയെ ആശ്രയിക്കില്ല. രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, ഭൂനികുതി മുതലായവ ഉൽപ്പാദന നികുതികളാണ്. ഉൽപ്പാദനബ നികുതിയിൽ നിന്ന് ഉൽപ്പാദനത്തിന് നൽകുന്ന സബ്സിഡികൾ കുറച്ചാൽ അറ്റ ഉൽപ്പാദന നികുതി ലഭിക്കും.

**അറ്റ ഉൽപാദന നികുതി = ഉൽപാദന നികുതി - ഉൽപാദന സബ്സിഡി**

**2 . ഉൽപന്ന നികുതികൾ:-**

ഉൽപ്പന്നത്തിന്റെ യൂണിറ്റിൽ ചുമത്തുന്ന നികുതികളാണ് ഉൽപ്പന്ന നികുതികൾ . ഉൽപ്പന്നത്തിന്റെ ഓരോ യൂണിറ്റിലും ഉൽപ്പന്ന നികുതികൾ ചുമത്താറുണ്ട്. സേവന നികുതി, എക്സൈസ് നികുതി, കയറ്റുമതി ചുങ്കം, ഇറക്കുമതി ചുങ്കം മുതലായവ ഉൽപ്പന്ന നികുതികളാണ്. ഉൽപ്പന്ന നികുതിയിൽ നിന്ന് ഉൽപ്പന്നത്തിനുള്ള സബ്സിഡി കുറച്ചാൽ അറ്റ ഉൽപ്പന്ന നികുതി ലഭിക്കും.

**അറ്റ ഉൽപന്ന നികുതി = ഉൽപന്ന നികുതി - ഉൽപന്ന സബ്സിഡി.**

**3 . അറ്റ പരോക്ഷ നികുതികൾ:-**

ചുമത്തപ്പെട്ട പരോക്ഷ നികുതിയും നൽകിയ സബ്സിഡിയും തമ്മിലുള്ള വ്യത്യാസമാണ് അറ്റ പരോക്ഷ നികുതി.

**അറ്റ പരോക്ഷ നികുതി = പരോക്ഷ നികുതി - സബ്സിഡി.**

**ഒരു ലളിത സമ്പത് വ്യവസ്ഥയിലെ വരുമാനത്തിന്റെയും ചെലവിന്റെയും ചാക്രിക പ്രവാഹം**

www.rrvgirls.com




ചിത്രം ഒരു ലഘു സമ്പത് വ്യവസ്ഥയിലെ വരുമാനത്തിന്റെയും ചെലവിന്റെയും ചാക്രിക പ്രവാഹത്തെയാണ് കാണിക്കുന്നത്. ഒരു ലഘു സമ്പത് വ്യവസ്ഥയിൽ ഗാർഹിക വിഭാഗം, സംരംഭങ്ങൾ എന്നീ രണ്ടു മേഖലകളാണുണ്ടാവുക. ഗാർഹിക മേഖല കുടുംബങ്ങളും വ്യക്തികളും ഉൾപ്പെടുന്നതാണ്. ഈ മേഖലയാണ് ഉൽപ്പാദന ഘടകങ്ങളുടെ ഉടമസ്ഥർ. സംരംഭങ്ങൾക്കാവശ്യമായ ഉൽപ്പാദന ഘടകങ്ങളെ നൽകുന്നത് ഗാർഹിക വിഭാഗമാണ്. അതിനു പ്രതിഫലമായി ഗാർഹിക മേഖലക്ക് വാടക, കൂലി, പലിശ, ലാഭം എന്നിവയുടെ രൂപത്തിലുള്ള വരുമാനം ലഭിക്കുന്നു. ഉൽപ്പാദന ഘടകങ്ങളെ ഉപയോഗിച്ച് ഉൽപ്പാദനം നടത്തുന്ന മേഖലയാണ് സംരംഭ മേഖല. സംരംഭ മേഖല ഉൽപ്പാദിപ്പിച്ച സാധന സേവനങ്ങൾ ഗാർഹിക മേഖല അവരുടെ കയ്യിലുള്ള വരുമാനം ഉപയോഗിച്ച് വാങ്ങുന്നു. അതായത് ഗാർഹിക മേഖലയിൽ നിന്ന് സംരംഭ മേഖലയിലേക്ക് ഉപഭോഗ ചെലവിന്റെ രൂപത്തിലുള്ള ഒരു പ്രവാഹം ഉണ്ടാകുന്നു. ഇങ്ങനെ ഗാർഹിക മേഖലയിൽ നിന്ന് സംരംഭങ്ങളിലേക്കും നേരെ തിരിച്ചും നാല് തരത്തിലുള്ള പ്രവാഹങ്ങൾ ഉണ്ടാകുന്നു. ഈ പ്രവാഹങ്ങളാണ് വരുമാനത്തിന്റെയും ചെലവിന്റെയും ചാക്രിക പ്രവാഹങ്ങൾ. അത്തരത്തിലുള്ള നാല് പ്രവാഹങ്ങളെയാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. **ഗാർഹിക മേഖലയിൽ നിന്ന് സംരംഭങ്ങളിലേക്കുള്ള രണ്ടു പ്രവാഹങ്ങൾ ഇവയാണ്.**

**1 . ഉൽപ്പാദന ഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയുടെ പ്രവാഹം**

**2 . ഉപഭോഗ ചെലവിന്റെ പ്രവാഹം**

ഇത് പോലെ **സംരംഭങ്ങളിൽ നിന്ന് ഗാർഹിക മേഖലയിലേക്ക് തിരിച്ചും രണ്ടു പ്രവാഹങ്ങൾ കാണാം**

**1 . വാടക, കൂലി, പലിശ, ലാഭം എന്നീ പ്രതിഫലങ്ങളുടെ പ്രവാഹം**

**2 . സാധന സേവനങ്ങളുടെ പ്രവാഹം**

ഒരു ലഘു സമ്പത് വ്യവസ്ഥ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നാണ് ചാക്രിക പ്രവാഹം വിശദമാക്കുന്നത്. ചാക്രിക പ്രവാഹം പൂർത്തീകരിക്കുമ്പോൾ സാമ്പത്തവ്യവസ്ഥയിലെ വരുമാനം ചെലവിനോടും , ചെലവ് ഉൽപ്പാദന തോതിനോടും തുല്യമായിരിക്കും. ചാക്രിക പ്രവാഹത്തിലെ പ്രവാഹങ്ങളെ രണ്ടു വിധത്തിൽ തരം തിരിക്കാം.

**a ) പണപരമായ പ്രവാഹങ്ങൾ:-**

*** ഉൽപ്പാദന ഘടകങ്ങളുടെ പ്രതിഫലങ്ങൾ * ഉപഭോഗ ചെലവ്**

**b ) യഥാർത്ഥ പ്രവാഹങ്ങൾ:-** സാധന സേവനങ്ങളുടെ രൂപത്തിലുള്ള പ്രവാഹങ്ങൾ

* ഉൽപ്പാദന ഘടകങ്ങളുടെ പ്രവാഹം * അന്തിമ സാധന സേവനങ്ങൾ

**ദേശീയ വരുമാനം അഥവാ ജിഡിപി കണക്കാക്കുന്നതിനുള്ള മാർഗങ്ങൾ :-**

1 . ഉൽപ്പന്ന മാർഗം

2 . വരുമാന മാർഗം

3 . ചെലവ് മാർഗം

**1 ഉൽപ്പന്ന മാർഗം ( മൂല്യം കൂട്ടിച്ചേർത്ത മാർഗം ):-**

**step 1** : സമ്പത്തു വ്യവസ്ഥയിലെ സംരംഭങ്ങളുടെ ഉൽപ്പന്ന മൂല്യവും ,മൂല്യം കൂട്ടിച്ചേർത്തതും കാണുക

ഒരു സംരംഭം ഉൽപ്പാദിപ്പിച്ച സാധന സേവനങ്ങളുടെ പണ മൂല്യമാണ് ഉൽപ്പന്ന മൂല്യം.

ഉൽപ്പന്ന മൂല്യം = ഉൽപ്പാദിപ്പിച്ച അളവ് X കമ്പോള വില

= വിൽപ്പന + ഇൻവെന്ററികളിലെ മാറ്റം

ഒരു സാമ്പത്തിക വർഷത്തിലുള്ള ഉൽപ്പാദനം പൂർത്തീകരിച്ച ഉൽപ്പന്നങ്ങൾ , പാതി ഉൽപ്പാദനം പൂർത്തീകരിച്ച ഉൽപ്പന്നങ്ങൾ , അസംസ്കൃത വസ്തുക്കൾ മുതലായവയുടെ സ്റ്റോക്കാണ് ഇൻവെന്ററികൾ .വിൽപ്പന കൂടുമ്പോഴോ കുറയുമ്പോഴോ ആണ് ഇൻവെന്ററികളിൽ മാറ്റമുണ്ടാകുന്നത് . ആ മാറ്റങ്ങൾ രണ്ടു വിധത്തിലാകാം

* ഇൻവെന്ററികളിലെ വർദ്ധനവ്

* ഇൻവെന്ററികളിലെ ശോഷണം

വിൽപ്പന കുറയുമ്പോൾ അഥവാ സ്റ്റോക്ക് വര്ധിക്കുമ്പോളോ ഇൻവെന്ററികളുടെ അളവ് കൂടുന്നതാണ് ഇൻവെന്ററികളിലെ വർദ്ധനവ് . എന്നാൽ വിൽപ്പന കൂടുമ്പോളാണ് അഥവാ സ്റ്റോക്ക് കുറയുമ്പോളോ ആണ് ഇൻവെന്ററികൾക്കു ശോഷണമുണ്ടാകുന്നത് . ഈ മാറ്റങ്ങൾ ആസൂത്രിതമോ ആസൂത്രിതമല്ലാത്തതോ ആകാം

. ഉൽപ്പന്ന മൂല്യത്തിൽ നിന്നാണ് മൂല്യം കൂട്ടിച്ചേർത്ത് കാണുന്നത്. ഉൽപ്പന്ന മൂല്യത്തിൽ നിന്ന് അന്തരാള വസ്തുക്കളുടെ മൂല്യം കുറച്ചാൽ കിട്ടുന്നതാണ് മൂല്യം കൂട്ടിച്ചേർത്തതു . ദേശീയ വരുമാനം കാണുമ്പോഴുണ്ടാകുന്ന ഇരട്ട ഗണന പ്രശനം ഒഴിവാക്കാനാണ് ഉൽപ്പന്ന മൂല്യത്തിൽ നിന്ന് മൂല്യം കൂട്ടിച്ചേർത്ത് കണക്കാക്കുന്നത് .

മൂല്യം കൂട്ടിച്ചേർത്ത് =ഉൽപ്പന്ന മൂല്യം - ഉപയോഗിച്ച അന്തരാള വസ്തുക്കളുടെ മൂല്യം

മൊത്തം ഉൽപ്പന്ന മൂല്യത്തിൽ നിന്ന് അന്തരാള വസ്തുക്കളുടെ മൂല്യം കുറച്ചാൽ മൊത്തം മൂല്യം കൂട്ടിച്ചേർത്തതു ലഭിക്കും .

മൊത്തം മൂല്യം കൂട്ടിച്ചേർത്തത് (GVA) = മൊത്തം ഉൽപ്പന്ന മൂല്യം - ഉപയോഗിച്ച അന്തരാള വസ്തുക്കളുടെ മൂല്യം

**step2:** ജിഡിപി കണക്കാക്കുക :-

സമ്പത് വ്യവസ്ഥയിലെ എല്ലാ സംരംഭങ്ങളുടെയും മൊത്തം മൂല്യം കൂട്ടിച്ചേർത്തത്തിന്റെ ആകെ തുകയാണ് ജിഡിപി. അതായത് ഒരു സമ്പത് വ്യവസ്ഥയിൽ 'n ' സംരംഭങ്ങളുണ്ടെങ്കിൽ ജിഡിപി ഇപ്രകാരം എഴുതാം.

$$GVA_1 + GVA_2 + GVA_3 + GVA_4 + \ldots\ldots + GVA_n \equiv \sum_{i=1}^{n} GVA_i \equiv GDP$$

**2 .വരുമാന മാർഗം :-**

**step1:**സംരംഭങ്ങൾ ഉൽപ്പാദന ഘടകങ്ങളുടെ ഉടമസ്ഥർക്കായി നൽകുന്ന പ്രതിഫലങ്ങൾ കണക്കാക്കുക:-

സംരംഭങ്ങൾ സാധന സേവനങ്ങളുടെ ഉൽപ്പാദനത്തിനായി ഭൂമി, തൊഴിൽ ,മൂലധനം, സംഘാടനം എന്നീ ഉൽപ്പാദന ഘടകങ്ങൾ ഉപയോഗിക്കാറുണ്ട്.അപ്പോൾ ആ ഉൽപ്പാദന ഘടകങ്ങളുടെ ഉടമസ്ഥർക്ക്

വാടക(**R**) , കൂലി(**W**), പലിശ(**In**) , ലാഭം(**P**) എന്നീ പ്രതിഫലങ്ങൾ നൽകുന്നു. ഈ പ്രതിഫലങ്ങളും ആകെ തുകയാണ് സംരംഭങ്ങളുടെ ഫാക്ടർ പയ്യെന്റ്സ് എന്ന് വിളിക്കുന്നത്. **'i '** എന്ന ഉൽപ്പാദന സംരംഭത്തിന്റെ ഫാക്ടർ പയ്യെന്റ്സ് നെ **Ri + Wi+ Ini + Pi** എന്നെഴുതാം.

**step2:**ജിഡിപി കാണുക :- എല്ലാ ഉൽപ്പാദന സംരംഭങ്ങളുടെയും ഫാക്ടർ പയ്യെന്റ്സിന്റെ ആകെ തുകയായിരിക്കും ജിഡിപി. അതായത് ,

$$\sum_{i=1}^{n} Ri + \sum_{i=1}^{n} Wi + \sum_{i=1}^{n} Ini + \sum_{i=1}^{n} Pi \equiv \mathbf{R + W + In + P \equiv G\,D\,P}$$

**3 .ചെലവ് മാർഗം :-**

**step1**:സംരംഭങ്ങൾ ഉൽപ്പാദിപ്പിച്ച സാധന സേവനങ്ങൾക്കായുള്ള വിവിധ മേഖലകളിൽ നിന്നുള്ള ചെലവിനങ്ങളെ തരം തിരിക്കുക
അവ നാല് വിധത്തിലുണ്ട്

**1.ഗാർഹിക ഉപഭോഗ ചെലവ്.(Ci)**
**2.സംരംഭങ്ങളുടെ നിക്ഷേപ ചെലവ് (Ii)**
**3.സർക്കാരിന്റെ അന്തിമ ചെലവ്(Gi)**
**4. കയറ്റുമതി ചെലവ് (Xi)**

ഈ ചെലവിനങ്ങളുടെ ആകെ തുക സംരംഭത്തിന്റെ ആകെ വരുമാന മായിരിക്കും അതായത്,RVi ≡ Ci + Ii + Gi+ Xi

**step2:** ജിഡിപി കാണുക :- എല്ലാ സംരംഭങ്ങളുടെയും അന്തിമ ചെലവിനങ്ങളുടെ ആകെ തുകയായിരിക്കും ജിഡിപി . അതായത് ജിഡിപി എന്നത് മൊത്തം ഗാർഹിക ഉപഭോഗ ചെലവ്(C), മൊത്തം നിക്ഷേപ ചെലവ്(I), സർക്കാരിന്റെ മൊത്തം അന്തിമ ചെലവ്(G), അറ്റ കയറ്റുമതി ചെലവ് (X – M)എന്നിവയുടെ തുകയായിരിക്കും.

$$\sum_{i=1}^{n} Rvi \equiv \sum_{i=1}^{n} Ci + \sum_{i=1}^{n} Ii + \sum_{i=1}^{n} Gi + \sum_{i=1}^{n} Xi \equiv G\,D\,P$$

$$\sum_{i=1}^{n} Rvi \equiv C - Cm + I - Im + G - Gm + X \equiv G\,D\,P$$

$$C + I + G + X - Cm - Im - Gm \equiv G\,D\,P$$

$$C + I + G + X - (Cm+Im+Gm) \equiv G\,D\,P$$

$$\mathbf{C + I + G + X - M \equiv G\,D\,P}$$

**Identities of methods of G D P:-**

| Product method | Income method | Expenditure method |
|---|---|---|
| GVA1<br>+<br>GVA2<br>+<br>GVA3<br>+<br>……<br>…….<br>+<br>G V An<br>≡ | R<br>+<br>W<br>+<br>In<br>+<br>P | C<br>+<br>I<br>+<br>G<br>+<br>X – M |

| | | |
|---|---|---|
| $\sum_{i=1}^{n}$ G V An | | |
| ≡ G D P | ≡ G D P | ≡ G D P |

Prepared by Ramachandran .K; H S S T Economics ; G H S S Kokkallur

www.rrvgirls.com